©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XII

## (SUBJECT COMMITTEE XII)

**ആരോഗ്യവും കുടുംബക്ഷേമവും**

## (HEALTH AND FAMILY WELFARE)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2021 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th July, 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII

# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും

## (HEALTH AND FAMILY WELFARE)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2021 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2021)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

908/2021.

## ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 3 |

# സബ്ജക്ട് കമ്മിറ്റി XII
# (ആരോഗ്യവും കുടുംബക്ഷേമവും)
# (2021-2023)

**ഘടന**

ചെയർപേഴ്സൺ :

ശ്രീമതി വീണാ ജോർജ്ജ്,

ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ലാലി. വി. എസ്., അണ്ടർ സെക്രട്ടറി.

## അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239 -ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2019-2021 കാലയളവിലെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ കാലാവധി മേയിൽ അവസാനിച്ചിതിനെ തുടർന്ന് പതിനഞ്ചാം കേരള നിയമസഭയുടെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2021 ജൂൺ 7-ന് രൂപീകൃതമായ സമിതിയിൽ 10 അംഗങ്ങളാണുള്ളത്.

പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി XII 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ 22-7-2020, 26-8-2020, 18-11-2020 എന്നീ തീയതികളിലായി സമിതി 3 യോഗങ്ങൾ ചേരുകയുണ്ടായി. 22-7-2020-ലെ യോഗത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിച്ച് ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു. കൂടാതെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 26-8-2020-ൽ ചേർന്ന യോഗത്തിൽ കരട് ചട്ടം പരിഗണിച്ചു. 18-11-2020-ലെ യോഗത്തിൽ 235 (എ) പ്രകാരം പ്രത്യേക വിഷയം സംബന്ധിച്ച് ചർച്ച നടത്തി.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങളുടെയും എസ്.ആർ.ഒ.കളുടെയും വിശദാംശങ്ങളും നാലാം അദ്ധ്യായത്തിൽ ചട്ടം 235 (എ) പ്രകാരം യോഗം ചേർന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. അഞ്ചാം അദ്ധ്യായത്തിൽ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും

ആറാം അദ്ധ്യായത്തിലെ (a) ഭാഗത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ചുള്ള സംഗ്രഹവും (b) ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും, ഡിലേ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

1-7-2021-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**വീണാ ജോർജ്ജ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2021 ജൂലൈ 1.

# റിപ്പോർട്ട്

## അധ്യായം 1

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2020 ജൂലൈ 22-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2020 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2020 ജൂലൈ 22-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2020 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അധ്യായം II

### സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

പ്രസ്തുത കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ബില്ലുകൾ ലഭിച്ചിട്ടില്ല.

## അധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ

കേരള സ്റ്റേറ്റ് ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2020, കരട് ചട്ടം 26-8-2020-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി എസ്.ആർ.ഒ.കൾ ഒന്നും ലഭിച്ചിട്ടില്ല.

## അധ്യായം IV

### നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

"കുട്ടികളുടെയും മുതിർന്നവരുടെയും മാനസികാരോഗ്യം (കോവിഡ് കാലത്ത് പ്രത്യേകിച്ച് )" എന്ന വിഷയം സംബന്ധിച്ച് 18-11-2020-ൽ ചേർന്ന സമിതി യോഗം വിശദമായ ചർച്ച നടത്തി.

908/2021.

## അധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | ബന്ധപ്പെട്ട വകുപ്പ് | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|---|
| 2018-19 (കാലതാമസ പത്രിക സഹിതം) | XVIII—വൈദ്യസഹായ രംഗവും പൊതുജന ആരോഗ്യവും | ആയുഷ് വകുപ്പ് | 13-1-2021 |

## അധ്യായം VI

## (a) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| റിപ്പോർട്ടിലെ ശിപാർശകളുടെ ആകെ എണ്ണം 78 | മറുപടി ലഭിക്കാനുള്ള ശിപാർശകൾ |
|---|---|
| ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 45 | 1 മുതൽ 39 വരെ, 73 മുതൽ 78 വരെ |
| ആയുഷ് വകുപ്പ് 33 | 40 മുതൽ 72 വരെ |

## (b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം

സമിതിയുടെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളിന്മേലുള്ള പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കുവാനുണ്ട്.

## അധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

സമിതി ഈ കാലയളവിൽ പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

വീണാ ജോർജ്ജ്.

*ചെയർപേഴ്സൺ*

*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2021 ജൂലൈ 1.

## അനുബന്ധം

## 22-7-2020-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII 2020 ജൂലൈ മാസം 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ കോവിഡ് പ്രോട്ടോക്കോൾ മാനദണ്ഡങ്ങൾ പാലിച്ച് സമിതി ചെയർപേഴ്സണും ആരോഗ്യവും സാമൂഹ്യനീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ബി. സത്യൻ എം. എൽ. എ.
2. ശ്രീ. വി. എസ്. ശിവകുമാർ എം. എൽ. എ.

താഴെപ്പറയുന്ന സമിതി അംഗങ്ങൾ ഗൂഗിൾ മീറ്റ് വഴി യോഗത്തിൽ പങ്കെടുത്തു.

ഗൂഗിൾ മീറ്റ് വഴി പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീമതി ഗീതാ ഗോപി, എം. എൽ. എ.
2. ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.
3. ശ്രീ. കാരാട്ട് റസാഖ്, എം. എൽ. എ.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. രാജൻ ഖോബ്രഗഡെയും ഗൂഗിൾ മീറ്റ് വഴി യോഗത്തിൽ പങ്കെടുത്തു.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ലാലി. വി. എസ്., അണ്ടർ സെക്രട്ടറി.

ആമുഖ പ്രസംഗം കൂടാതെ ബഹു. സമിതി അദ്ധ്യക്ഷ യോഗനടപടികൾ ആരംഭിക്കുകയും ചുവടെ ചേർത്ത വിഷയങ്ങൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

I. സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിലെ 27-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ട് കൂടി ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

II. <u>കരട് റിപ്പോർട്ടുകൾ</u>

സമിതി 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2020 മാർച്ച് 31 വരെയുള്ള സമിതിയുടെ കരട് ആനുകാലിക റിപ്പോർട്ടും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് സമിതി ആന്റി കാൻസർ മരുന്നുകളുടെ ലഭ്യത സംബന്ധിച്ച് ചർച്ച നടത്തി. ആന്റി കാൻസർ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകുമെന്ന റിപ്പോർട്ടിലെ പരാമർശം ചൂണ്ടിക്കാണിച്ച സമിതി അംഗം തിരൂർ ജില്ലാ ആശുപത്രിയിലെ ഓങ്കോളജി ഡിപ്പാർട്ട്മെന്റിൽ രോഗികൾ ക്രമാതീതമായി വർദ്ധിച്ച് വരുന്നതിൽ ആശങ്ക രേഖപ്പെടുത്തുകയും കീമോതെറാപ്പിക്കായി വരുന്ന 6300-ഓളം രോഗികൾക്കാവശ്യമായ മരുന്നുകൾ കൃത്യമായി നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ബഹു. വകുപ്പ് മന്ത്രി കൂടിയായ സമിതി ചെയർപേഴ്സൺ അറിയിച്ചു.

പൊന്നാനി, തിരൂർ, തിരൂരങ്ങാടി തുടങ്ങിയ സ്ഥലങ്ങളിലെയും തീരദേശമേഖലയിലെയും ജനങ്ങൾ ചികിത്സക്കായി തിരൂർ താലൂക്ക് ആശുപത്രിയെയാണ് ആശ്രയിക്കുന്നതെന്നും കോവിഡ് വളരെ വേഗം വ്യാപിച്ചു കൊണ്ടിരിക്കുന്ന ഈ മേഖലയിൽ ടെസ്റ്റ് നടത്തുന്നതിനായി ആളുകൾക്ക് മഞ്ചേരി മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടി വരുന്നതിനാൽ ട്രൂനാറ്റ് ടെസ്റ്റിനുള്ള സംവിധാനം പ്രധാനപ്പെട്ട ജില്ലാ ആശുപത്രിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. ടെസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഇപ്പോൾ ക്ലസ്റ്ററുകൾ രൂപപ്പെട്ടപ്പോൾ ടെസ്റ്റ് റിസൾട്ട് വരാൻ കാലതാമസം നേരിടുന്നതായും ടെസ്റ്റിംഗ് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും എന്നാൽ ഐ.സി.എം.ആറിന്റെ അനുമതി ലഭിച്ചാൽ മാത്രമെ ടെസ്റ്റ് നടത്താൻ സാധിക്കുകയുള്ളൂവെന്നും തിരൂർ പൊന്നാനി മേഖലയിൽ കൂടുതലായി ആന്റിജൻ ടെസ്റ്റ് നടത്തുന്നതായിരിക്കും ഉചിതമെന്നും അഭിപ്രായപ്പെട്ട ബഹു. വകുപ്പുമന്ത്രി ഇക്കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്നറിയിച്ചു.

മെഷീനറിക്ക് ആവശ്യമായ പണം അടച്ചുവെങ്കിലും വെന്റിലേറ്റർ ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച് സമിതി അംഗം ആശങ്ക അറിയിച്ചപ്പോൾ നിലവിൽ വെന്റിലേറ്ററുകൾ ലോകത്ത് ഒരു കമ്പനി മാത്രമെ ഉല്പാദിപ്പിക്കുന്നുള്ളൂവെന്നും എല്ലാവരും രജിസ്റ്റർ ചെയ്ത് കാത്തുനിൽക്കുകയാണെന്നും ബഹു. വകുപ്പ് മന്ത്രി കൂടിയായ സമിതി ചെയർപേഴ്സൺ വ്യക്തമാക്കി.

തിരൂരിൽ പ്രത്യേക ഓങ്കോളജി വിഭാഗത്തിന്റെ പ്രവൃത്തി എൺപത് ശതമാനത്തിലേറെ പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ നിയമസഭാ ഇലക്ഷന് മുമ്പ് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി അംഗം ആവശ്യപ്പെടുകയുണ്ടായി. നബാർഡിലെ ഉദ്യോഗസ്ഥർ വന്നപ്പോൾ മെഷീനറിക്കും നബാർഡ് ഫണ്ടിംഗ് നൽകാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള പ്രൊപ്പോസൽ ജനവരി മാസത്തിന് മുമ്പുതന്നെ അയച്ചിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത പ്രൊപ്പോസൽ നബാർഡിലേയ്ക്ക് അയച്ചിട്ടില്ലെന്നും സമിതി അംഗം പരാതിപ്പെട്ടതിന് പ്രസ്തുത വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ബഹു. വകുപ്പുമന്ത്രി കൂടിയായ സമിതി ചെയർപേഴ്സൺ അറിയിച്ചു.

ഉച്ചയ്ക്ക് ശേഷം 12.20-ന് സമിതി യോഗം പിരിഞ്ഞു.

## 26-8-2020-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 26-8-2020 ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ഗൂഗിൾ മീറ്റ് മുഖേന യോഗം ചേർന്നു. സമിതി യോഗത്തിൽ പങ്കെടുത്ത സമിതി ചെയർപേഴ്സണായ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിതാശിശു വികസനവും വകുപ്പ് മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ശ്രീ. ബി. സത്യൻ എം.എൽ.എ., ശ്രീ.പി.കെ ശശി എം. എൽ. എ. എന്നിവർ എല്ലാവരും തന്നെ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈനായാണ് യോഗത്തിൽ പങ്കെടുത്തത്.

<u>ഹാജരായവർ - നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലാലി.വി.എസ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീമതി ശർമ്മിള മേരി ജോസഫ്, സെക്രട്ടറി, ആയുഷ് വകുപ്പ് (ഓൺലൈൻ)
2. ശ്രീ. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
3. ഡോ. ഹരികൃഷ്ണൻ, ഡയറക്ടർ, ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ (ഓൺലൈൻ)

സമിതി കേരള സ്റ്റേറ്റ് ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2020 കരട് ചട്ടങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ടവരുമായി ചുവടെ പറയും പ്രകാരം ചർച്ച നടത്തുകയും ചെയ്തു.

കേരള സ്റ്റേറ്റ് ആയൂർവേദ മെഡിക്കൽ എഡ്യൂക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2019 കരട് ചട്ടം 30-9-2019-ന് ചേർന്ന സമിതി യോഗം പരിഗണിക്കുകയും വിശദമായ ചർച്ച നടത്തുകയും ചില ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നതിൻ പ്രകാരം 30-9-2019 -ലെ സമിതി യോഗത്തിൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ട് ലഭ്യമാക്കിയ പരിഷ്കരിച്ച കരട് ചട്ടമാണ് ഇപ്പോൾ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നതെന്ന് നിയമസഭ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി വ്യക്തമാക്കുകയുണ്ടായി. പ്രസ്തുത പരിഷ്കരിച്ച കരട് ചട്ടത്തിൽ സമിതി നിർദ്ദേശിച്ച എല്ലാ ഭേദഗതികളും ഉൾപ്പെട്ടിട്ടുള്ളതിനാൽ ചട്ടത്തിന്മേൽ ഇനിയും വിശദമായ ചർച്ചകൾ ആവശ്യമായി കാണുന്നില്ല എങ്കിലും കരട് ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന 19-8-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമനം നടന്നിരുന്നോ എന്നതിൽ വ്യക്തത വരുത്തേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി.

പ്രസ്തുത വിഷയത്തിൽ സമിതി നിയമവകുപ്പിന്റെയും ആയുഷ് വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞു. പഴയ റൂൾസ് പ്രകാരമാണ് നിയമനങ്ങൾ നടന്നിട്ടുള്ളത് എന്നും 2016-ലെ ഉത്തരവ് പ്രകാരം നിയമനങ്ങൾ നടന്നിട്ടില്ല എന്നും ആയുഷ് വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി. നിയമനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ പോലും നിയമപരമായ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ സേവിംഗ് ക്ലോസുകൾ ചേർത്തിട്ടുണ്ടെന്നും സമിതി നിർദ്ദേശിച്ച എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും നിയമവകുപ്പ് ഉദ്യോഗസ്ഥനും വ്യക്തമാക്കി. പരിഷ്കരിച്ച ലഭ്യമാക്കിയ കരട് ചട്ടം നിയമ വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാലും നിയമനങ്ങൾ സംബന്ധിച്ച് ആയുഷ് വകുപ്പ് വ്യക്തത നൽകിയതിന്റെയും അടിസ്ഥാനത്തിൽ മറ്റു ഭേദഗതികൾ ഒന്നും നിർദ്ദേശിക്കുവാനില്ല എന്ന് സമിതി ചെയർപേഴ്സൺ അഭിപ്രായപ്പെടുകയും ആയത് സമിതി അംഗങ്ങൾ അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് സമിതി കേരള സ്റ്റേറ്റ് ആയൂർവേദ മെഡിക്കൽ എഡ്യൂക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2020 ഭേദഗതി കൂടാതെ അംഗീകരിച്ചു.

സമിതി ഉച്ചയ്ക്ക് ശേഷം 2.45 -ന് യോഗം പിരിഞ്ഞു.

**സമിതിയുടെ 18-11-2020-ലെ യോഗനടപടിക്കുറിപ്പ്**

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII 2020 നവംബർ 18-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 5-ബി സമ്മേളന ഹാളിൽ യോഗം ചേരുകയും സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിതാശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. പി. കെ. ബഷീർ, എം. എൽ. എ.
2. ശ്രീ. റോഷി അഗസ്റ്റിൻ, എം. എൽ. എ.

ഗൂഗിൾമീറ്റ് മുഖേന പങ്കെടുത്ത അംഗങ്ങൾ :

1. ശ്രീമതി യു. പ്രതിഭ, എം. എൽ. എ
2. ശ്രീ. കാരാട്ട് റസാഖ്, എം. എൽ. എ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, നിയമസഭാ സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ലാലി. വി. എസ്, അണ്ടർ സെക്രട്ടറി

ഗൂഗിൾ മീറ്റ് വഴി പങ്കെടുത്ത ഉദ്യോഗസ്ഥർ :

1. ഡോ. എൻ. രാജൻ ഖോബ്രഗഡെ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
2. ഡോ. സരിത ആർ. എൽ., ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്
3. ഡോ. റംലാ ബീവി. എ., ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ
4. ഡോ. കിരൺ. പി. എസ്., സ്റ്റേറ്റ് നോഡൽ ഓഫീസർ, മെന്റൽ ഹെൽത്ത് പ്രോഗ്രാം.

സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം "കുട്ടികളുടെയും മുതിർന്നവരുടെയും മാനസികാരോഗ്യം (കോവിഡ് കാലത്ത് പ്രത്യേകിച്ച്)" എന്ന വിഷയത്തിന്മേൽ വകുപ്പുദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും വിശദമായ ചർച്ച നടത്തുകയും ചെയ്തു.

കോവിഡ്-19 എന്ന രോഗം വന്നതിനു ശേഷം ആദ്യമായാണ് സമിതി ഈ വിഷയം ചർച്ച ചെയ്യുന്നത് എന്ന ആമുഖത്തോടെ കോവിഡിനെക്കുറിച്ച് പൊതുവായി, രോഗം കേരളത്തിലേയ്ക്ക് വരാനിടയായ സാഹചര്യം, അതിന്റെ വിവിധ ഘട്ടങ്ങൾ, സർക്കാർ നടത്തിയ മുന്നൊരുക്കങ്ങൾ, ഇടപെടലുകൾ എന്നിവയെ സംബന്ധിച്ച് ബഹു. സമിതി ചെയർപേഴ്സൺ വിശദീകരിച്ചു.

2020 ജനുവരി 30-ന് വുഹാനിൽ നിന്നും എത്തിയ 3 വ്യക്തികളിൽ ആദ്യമായി കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഗവൺമെന്റ് മുന്നൊരുക്കങ്ങൾ നടത്തിയതിനാൽ അത് മറ്റുള്ളവരിലേയ്ക്ക് പകരാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കാൻ സാധിച്ചു. അതേ സമയം ലോകത്തിന്റെ നാനാഭാഗങ്ങളിലും രോഗം പടർന്നു പിടിക്കാൻ തുടങ്ങിയിരുന്നു. ചില സംസ്ഥാനങ്ങളിൽ പോസിറ്റീവ് കേസ്സുകൾ കണ്ടെത്തിയതിനെ തുടർന്ന് മറ്റ് സംസ്ഥാനങ്ങളിലും രോഗവ്യാപനം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ മാർച്ച് 24-ന് കേന്ദ്രഗവൺമെന്റ് രാജ്യത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ അതിനു മുമ്പ് തന്നെ രോഗവ്യാപനത്തിന്റെ ഗൗരവം മനസ്സിലാക്കി ആരോഗ്യവകുപ്പ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു. അതുകൊണ്ടുതന്നെ ലോകരാഷ്ട്രങ്ങളെല്ലാം മരണനിരക്ക് ഒരു ശതമാനത്തിനു താഴെ നിർത്താൻ പരിശ്രമിക്കുമ്പോൾ കേരളത്തിൽ അത് 0.5 ശതമാനത്തിൽ നിർത്താൻ കഴിഞ്ഞുവെന്നതിൽ ബഹു. ചെയർപേഴ്സൺ സംതൃപ്തി പ്രകടിപ്പിച്ചു. അതുപോലെ പകർച്ചാ നിരക്ക് 33%-ൽ നിർത്താനും മരണനിരക്ക് കുറയ്ക്കാനും സാധിച്ചത് ലോകരാജ്യങ്ങൾക്കിടയിൽ കേരളത്തെ ശ്രദ്ധാകേന്ദ്രമാക്കി. എന്നാൽ ലോക്ക്ഡൗൺ പിൻവലിച്ചതും അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചതും പലതരത്തിലുള്ള കൂടിച്ചേരലുകളും കൂട്ടായ്മകളും രോഗം വ്യാപിക്കാൻ കാരണമായെങ്കിലും ആരോഗ്യവകുപ്പും പോലീസും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി പ്രവർത്തിച്ചതിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് സമിതികൾ രൂപീകരിച്ച് നടത്തിയ ബോധവൽക്കരണത്തിന്റെയും ഇടപെടലിന്റെയുമൊക്കെ ഫലമായി രോഗവ്യാപനത്തിന്റെ വേഗത പരമാവധി കുറച്ചുകൊണ്ട് മരണനിരക്ക് വികസിത രാജ്യങ്ങളിലേതിനേക്കാൾ കുറയ്ക്കുവാൻ സാധിച്ചുവെന്ന് ചെയർപേഴ്സൺ വ്യക്തമാക്കി. ആരോഗ്യമേഖലയിൽ പലവിധത്തിലുള്ള സൗകര്യങ്ങൾ കേരളത്തിലുണ്ടെങ്കിലും പകർച്ചവ്യാധി വരുന്ന ഘട്ടങ്ങളിൽ ജനസാന്ദ്രതയും ജീവിത ശൈലീരോഗങ്ങൾ, നോൺകമ്മ്യൂണിക്കബിൾ ഡിസീസ് എന്നിവയും വളരെ വലിയ വെല്ലുവിളി ഉയർത്തുന്നുണ്ടെന്നും ഇതിനോടെല്ലാം പോരാടിക്കൊണ്ടാണ് ആരോഗ്യവകുപ്പ് പ്രവർത്തിക്കുന്നതെന്നും കോവിഡ് കെയർ സെന്റർ, CFLTC (Covid First Line Treatment Centre), CSLTC (Covid Second Line Treatment Centre) DCCC (Domiciliary Covid Care Centre) എന്നിവ രൂപീകരിച്ച് ആയിരക്കണക്കിനാളുകളുടെ സമർപ്പണ മനോഭാവത്തിലൂടെയുള്ള പ്രവർത്തന ഫലമായി മരണനിരക്ക് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടെന്നും വകുപ്പ് മന്ത്രി കൂടിയായ ചെയർപേഴ്സൺ കൂട്ടിച്ചേർത്തു. എം.എൽ.എ.-മാർ, പഞ്ചായത്ത് മെമ്പർമാർ, ആശാവർക്കർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, വോളണ്ടിയർമാർ എന്നിവരുടെ സേവനം എടുത്തുപറയേണ്ടതുണ്ടെന്നും വകുപ്പ് മന്ത്രി വ്യക്തമാക്കി. കേരളത്തിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അപകടകരമായ

രീതിയിൽ വന്നിട്ടില്ലെന്നും പകർച്ചാവ്യാപനത്തിന്റെ തോത് ഒരു ശതമാനത്തിൽ താഴെ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ആളുകൾ കൂട്ടം കൂടുന്നതാണ് രോഗവ്യാപനം വർദ്ധിപ്പിക്കുന്നതെന്നും ആയതു കണക്കിലെടുത്ത് ശബരിമല പോലുള്ള ആരാധനാലയങ്ങളിൽ കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ വലിയ തോതിൽ പകർച്ചയുണ്ടാകാതെ ശ്രദ്ധിക്കാൻ കഴിഞ്ഞുവെന്നും പ്രായമായവരെയും ജീവിതശൈലീ രോഗങ്ങളുള്ളവരെയും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ടെന്നും ഇത് ഒരു പ്രത്യേകതരം വൈറസാണെന്ന മനസ്സിലാക്കി ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്നും ചെയർപേഴ്സൺ അറിയിച്ചു.

തുടർന്ന് "കുട്ടികളുടെയും മുതിർന്നവരുടെയും മാനസികാരോഗ്യം (കോവിഡ് കാലത്ത് പ്രത്യേകിച്ച്)" എന്ന വിഷയം സംബന്ധിച്ച് വിശദീകരിക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെയോട് ആവശ്യപ്പെട്ടു.

സമിതി വ്യക്തത ആവശ്യപ്പെട്ട RT-PCR ടെസ്റ്റും തുടർന്നുള്ള ക്വാറന്റയിൻ കാലയളവും വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമാകുന്നതിനെക്കുറിച്ച് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. RT-PCR ടെസ്റ്റ് നടത്തിയ സർട്ടിഫിക്കറ്റുള്ള ഒരാൾക്ക് വിദേശത്ത് നിന്നും നാട്ടിലേക്ക് വരാൻ സാധിക്കുമെന്നും ഫ്ലൈറ്റിലുള്ള യാത്രക്കിടയിൽ സമ്പർക്കം വരാൻ സാധ്യതയുള്ളതുകൊണ്ടാണ് ക്വാറന്റയിൻ പീരീഡ് വച്ചിട്ടുള്ളതെന്നും ടി വ്യക്തിക്ക് 7 ദിവസം സ്വന്തം വീട്ടിൽ ക്വാറന്റീനിൽ കഴിയാമെന്നും ഇൻകുബേഷൻ പീരിയ്ഡ് ആയ 5 ദിവസത്തിനു ശേഷമാണ് ശരീരം വൈറസിനോട് പ്രതികരിക്കുന്നതെന്നും രോഗലക്ഷണങ്ങൾ ഈ സമയത്ത് പ്രകടമാകുമെന്നും 7-ാമത്തെ ദിവസം ടെസ്റ്റ് ചെയ്യുമ്പോൾ റിസൾട്ട് നെഗറ്റീവാണെങ്കിൽ ഒരാഴ്ച കഴിഞ്ഞ് വീണ്ടും ടെസ്റ്റ് ചെയ്യേണ്ട ആവശ്യമില്ലെന്നും അതുപോലെ RT-PCR ടെസ്റ്റ് നടത്തിയശേഷം നാട്ടിലെത്തുന്നവർ തുടർച്ചയായി 14 ദിവസം ക്വാറന്റയിനിൽ കഴിഞ്ഞാൽ രോഗലക്ഷണമൊന്നുമില്ലെങ്കിൽ വീണ്ടും ടെസ്റ്റ് ചെയ്യേണ്ട ആവശ്യമില്ലെന്നും അതുകൊണ്ടാണ് ക്വാറന്റയിൻ പീരിയ്ഡ് 7 ദിവസം അല്ലെങ്കിൽ 14 ദിവസം എന്ന് നിശ്ചയിച്ചിട്ടുള്ളതെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. അതേസമയം പല സംസ്ഥാനങ്ങളിലും ക്വാറന്റയിൻ പീരീഡ് രണ്ടോ മൂന്നോ ദിവസമായി നിശ്ചയിച്ചിട്ടുള്ളത് അശാസ്ത്രീയമാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

ശാരീരികാരോഗ്യം മാത്രമല്ല മാനസികാരോഗ്യവും വളരെ പ്രധാനപ്പെട്ട ഘടകമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ മാനസികാരോഗ്യം, ആശ്വാസം, അമ്മമനസ്സ്, ജീവരക്ഷ എന്നീ പദ്ധതികൾ പി.എച്ച്.സി., എഫ്.എച്ച്.സി., മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെല്ലാം നടപ്പിലാക്കിവരുന്നുണ്ടെന്നും, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. കോവിഡ് വരാൻ സാധ്യതയുള്ളവരുടെ സർവേയലൻസ് ഇന്ത്യയിൽ ആദ്യമായി നടത്തിയത്

കേരളത്തിലാണെന്നും എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ, ബസ്സ്റ്റാൻഡ്, ചെക്ക്പോസ്റ്റ് എന്നിവിടങ്ങളിൽ നടത്തിയ സർവേയലൻസിന്റെ ഭാഗമായി കേരളത്തിൽ പ്രവേശിച്ചവരുടെ ഫോളോഅപ് അതാത് വാർഡ് കൗൺസിലർമാർ നടത്തുകയും സൈക്കോസോഷ്യൽ സപ്പോർട്ട് നൽകുകയും ചെയ്തത് കോവിഡ് വ്യാപനം നിയന്ത്രിക്കാനും ഭീതി അകറ്റാനും വലിയ അളവിൽ സഹായകമായി എന്നും വകുപ്പ് സെക്രട്ടറി ചൂണ്ടിക്കാട്ടി. സർവേയലൻസിന്റെ ഫലമായി ആദ്യഘട്ടത്തിൽ പോസിറ്റീവ് ആയി കണ്ടെത്തിയ മൂന്ന് പേരുടെ കുടുംബാംഗങ്ങളുമായും ബന്ധുക്കളുമായും നിരന്തരം ചർച്ച ചെയ്ത് അവരുടെ ബിഹേവിയറൽ ചെയ്ഞ്ച് മനസ്സിലാക്കി ആവശ്യമായ ചികിത്സയും മാനസിക പിന്തുണയും നൽകുവാൻ സാധിച്ചുവെന്നും തുടർച്ചയായ നിരീക്ഷണത്തിന്റെ ഫലമായി മറ്റ് കോവിഡ് കേസ്സുകൾ അവിടെ ഉണ്ടായില്ലെന്നും പ്രസ്തുത രീതി ഇപ്പോഴും തുടരുന്നുണ്ടെന്നും ഇതിനാവശ്യമായ ട്രെയിനിംഗ് കൊടുക്കുന്നുണ്ടെന്നും വിവരശേഖരണത്തിനായി നല്ലൊരു MIS (Management Information System) തയ്യാറായിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഓൺലൈൻ ക്ലാസ് കുട്ടികളിൽ പ്രത്യേകിച്ച് LP/UP ക്ലാസ്സുകളിലെ കുട്ടികളിൽ മാനസികസമ്മർദ്ദമുണ്ടാക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് പഠനം ആവശ്യമാണെന്ന് സമിതി അംഗം അറിയിച്ചപ്പോൾ കോഴിക്കോട് ഇംഹാൻസുമായി ചേർന്ന് പഠനം നടത്തിയതിന്റെ റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ടെന്നും പ്രസ്തുത വകുപ്പുമായി ചർച്ച ചെയ്ത് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതാണെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

കുട്ടികളുടെ മാനസികാരോഗ്യം കണക്കിലെടുത്ത് വിക്ടേഴ്സ് ചാനൽ കലാപരിപാടികളും കലോൽസവങ്ങളും നടത്തുന്നുണ്ടെങ്കിലും ഈ വിഷയം ഗൗരവമേറിയതാണെന്നും കുട്ടികളിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണത പലതരത്തിലുള്ള മാനസികപ്രശ്നങ്ങളുടെ ഫലമാണെന്നും ഓൺലൈൻ ക്ലാസ്സുമായി ബന്ധപ്പെട്ട പ്രശ്നം വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് സമയക്രമം പുതുക്കി നിശ്ചയിക്കുന്നതിലൂടെ പരിഹരിക്കാനാകുമെന്നും ചെയർപേഴ്സൺ അറിയിച്ചു.

ജീവിതശൈലീ രോഗങ്ങളുള്ളവർക്ക് കോവിഡ് വന്നാലുണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ചും സമിതി വിശദമായ ചർച്ച നടത്തി. 'നോൺ കമ്മ്യൂണിക്കബിൾ ഡിസീസിനെ' (എൻ.സി.ഡി.) നേരിടുന്നതിനായി സർക്കാർ ആരംഭിച്ച 'അമൃതം ആരോഗ്യം' പദ്ധതിയിലൂടെ ജീവിതശൈലീ രോഗങ്ങളുടെ മരുന്ന് പാവപ്പെട്ടവർക്ക് സൗജന്യമായി വീട്ടിലെത്തിക്കുന്നുണ്ട്. കൂടാതെ ബി.പി.എൽ. കുടുംബത്തിൽപ്പെട്ട പ്രായമുള്ളവർക്ക് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്നുമുണ്ട്. ഫാമിലി ഹെൽത്ത് സെന്ററുകളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് നിയന്ത്രണവിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന് കേരളം നടത്തിയ പരിശ്രമങ്ങളെ കണക്കിലെടുത്ത് 2019-ൽ യു.എൻ. അവാർഡ് ലഭിക്കുകയുണ്ടായി. ജീവിതശൈലീ രോഗങ്ങൾ വരാതെ സൂക്ഷിക്കുന്നതിനായി നല്ല രീതിയിലുള്ള ബോധവൽക്കരണം നൽകിവരുന്നുണ്ടെന്നും കുറെക്കൂടി മെച്ചപ്പെട്ട പ്രവർത്തനങ്ങളുമായി ആരോഗ്യവകുപ്പ് മുന്നോട്ട് പോകുകയാണെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

ഒരു പ്രദേശത്തെ കണ്ടെയ്ൻമെന്റ് സോണാക്കി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡം, ആയതിനുള്ള അധികാരം എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ടെന്നും ഒരു കോവിഡ് രോഗി മാത്രമുള്ള പ്രദേശത്തെ മുഴുവനായും കണ്ടെയ്ൻമെന്റ് സോണാക്കി പ്രഖ്യാപിക്കുന്നതിലെ അപാകത പരിശോധിക്കണമെന്നും സമിതി അംഗം ആവശ്യപ്പെട്ടു.

കണ്ടെയ്ന്മെന്റ് സോണുകൾ പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രആഭ്യന്തര മന്ത്രാലയം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി നൽകുന്ന വിദഗ്ദ്ധ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെയ്ന്മെന്റ് സോണുകൾ പ്രഖ്യാപിക്കണമെന്നാണ് മാർഗ്ഗനിർദ്ദേശത്തിൽ പറയുന്നതെന്നും ആയതിനാൽ പ്രസ്തുത ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ഏരിയയിലും എത്ര കോവിഡ് പോസിറ്റീവ് കേസ്സുകൾ ഉണ്ടെന്നും അവരുമായി എത്രപേർ സമ്പർക്കത്തിൽ വന്നിട്ടുണ്ടെന്നും കണ്ടെത്തിയശേഷം ഉണ്ടാക്കുന്ന ഫോർമുലയുടെ അടിസ്ഥാനത്തിലാണ് കണ്ടെയ്ൻമെന്റ് സോൺ/മൈക്രോ കണ്ടെയ്ൻമെന്റ് സോൺ തീരുമാനിക്കുന്നതെന്നും പ്രസ്തുത പ്രദേശങ്ങളിൽ കോവിഡ് പോസിറ്റീവ് കേസുകൾ ഇല്ലാതാകുന്നപക്ഷം കണ്ടെയ്ൻമെന്റ് സോൺ പിൻവലിക്കാറുണ്ടെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

ചില വാർഡുകളിൽ പലയിടങ്ങളിലായി കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോഴാണ് ആ വാർഡ് മുഴുവനായി കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിക്കുന്നതെന്നും എന്നാൽ ഒരു വാർഡിന്റെ ഒരു ഭാഗത്തു മാത്രമുള്ള ഒന്നോ രണ്ടോ വീടുകളിലെ ആളുകൾ കോവിഡ് പോസിറ്റീവ് ആകുമ്പോൾ അവിടെ മൈക്രോ കണ്ടെയ്ൻമെന്റ് സിസ്റ്റം തന്നെയാണ് നടപ്പിലാക്കുന്നതെന്നും അത്തരം സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ടെന്നും അതിന് വിരുദ്ധമായി എവിടെയെങ്കിലും കണ്ടെയ്ൻമെന്റ് സോണുകൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാമെന്നും ചെയർപേഴ്സൺ അറിയിച്ചു. കണ്ടെയ്ൻമെന്റ് സോൺ തീരുമാനിക്കുന്നതുമായി ബന്ധപ്പെട്ട് സമിതി അംഗങ്ങൾ ഉന്നയിച്ച എല്ലാ സംശയങ്ങളും, ആരോഗ്യമേഖലയിൽ പ്രതിഫലമില്ലാതെ സന്നദ്ധസേവനം നടത്തുന്നവരുടെ സേവനം മറ്റേതെങ്കിലും മേഖലയിലേക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുമോ എന്നതും പരിശോധിക്കാവുന്നതാണെന്ന് ചെയർപേഴ്സൺ കൂട്ടിച്ചേർത്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.